ഉത്തരം

(എ) സി. ആർ. എഫ്.-ൽ നിന്നും നടപ്പുവർഷം ഫണ്ടൊന്നും ലഭിച്ചിട്ടില്ല. എന്നാൽ നടപ്പുസാമ്പത്തിക വർഷം 6369.94 ലക്ഷത്തിന്റെ 11 പദ്ധതികൾക്ക് സി. ആർ. എഫിൽ നിന്നും ഭരണാനുമതി ലഭിച്ചു.

(ബി) ഈ വർഷം ഫണ്ട് ലഭ്യമായിട്ടില്ല. എന്നാൽ 6369.94 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി വച്ചിട്ടുള്ള പണികൾക്ക് ഭരണാനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. †

(ഡി) ഈ സാമ്പത്തികവർഷം ഭരണാനുമതി ലഭിച്ച വർക്കുകൾ രണ്ടു വർഷത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കും.

ചെറുകിട കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിന് മുൻഗണനാക്രമം

129 [1476] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് പണി പൂർത്തിയാക്കിയതിനുശേഷം ഇനി എത്ര തുക നൽകാനുണ്ട്;

(ബി) ചെറുകിട കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിന് പ്രത്യേക മുൻഗണനാക്രമം നൽകാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

(സി) ചെറുകിട കരാറുകാരുടെ ടാക്സ് ബില്ലിൽ പിടിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) വാറന്റ് നടപ്പിലാക്കിയതിനുശേഷം ടാക്സ് പിടിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2005 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡു വിഭാഗത്തിൽ 652.16 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 143.48 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ സ്പെഷ്യൽ പ്ലാൻ സ്കീമിൽ ഈ വർഷം സമർപ്പിച്ച ബില്ലുകൾക്ക് രണ്ട് കോടി രൂപയും നൽകുവാനുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി, ഡി) 1-4-2005-ന് മുൻപ് സെയിൽസ് ടാക്സ് വകുപ്പിൽ രജിസ്റ്റർ ചെയ്തിരുന്ന കരാറുകാരിൽ നിന്നും 2.3%വും രജിസ്റ്റർ ചെയ്യാത്തവരിൽ നിന്നും 5.6%വും നികുതി ഈടാക്കിയിരുന്നു. വാറന്റ് നടപ്പിലാക്കിയതിനുശേഷം ടാക്സ് പിടിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശം ഒന്നും നൽകിയിട്ടില്ല. എങ്കിൽത്തന്നെയും സെയിൽസ് ടാക്സ് വകുപ്പിൽ രജിസ്റ്റർ ചെയ്ത കരാറുകാരുടെ ബില്ലിൽനിന്നും സെയിൽസ് ടാക്സ് ഡിപ്പാർട്ട്മെന്റ് അസസ് ചെയ്യുന്ന തുക നികുതിയായി ഈടാക്കി വരുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly